എ. കെ. പി. സി. ടി. എ. ജേർണൽ
1980 സെപ്റ്റംബർ

# കേരള
# പ്രൈവറ്റ് കോളേജ്
# ടീച്ചർ

# ജേർണൽ അറിയിപ്പ്

പല ബ്രാഞ്ചുകളുടേയും വാർഷിക വരിസംഖ്യയുടെ കാലാവധി കഴിഞ്ഞിരിക്കയാണ്. എത്രയും പെട്ടെന്നുതന്നെ വരിസംഖ്യ അയച്ചു തരണം. ഓരോ അംഗത്തിനും ജേർണൽ നേരിട്ടയയ്ക്കാനുള്ള സൗകര്യമുള്ളതുകൊണ്ട് അംഗങ്ങളുടെ മേൽവിലാസവും എത്തിയ്ക്കണം. വരിസംഖ്യ ചെക്ക്/ഡ്രാഫ്റ്റ്/മണിഓർഡർ—ഇവയിൽ ഏതു മാർഗത്തിലും അയയ്ക്കാം.

അഞ്ചുരൂപയാണ് വാർഷികവരിസംഖ്യ. ഏ.കെ.പി.സി.ടി.എ. യിലെ എല്ലാ അംഗങ്ങൾക്കും ജേർണൽ എത്തിക്കാനുള്ള സംവിധാനം ബ്രാഞ്ചു സെക്രട്ടറിമാർ സൃഷ്ടിക്കുമല്ലോ.

ജേർണൽ എല്ലാമാസവും 15—ാം തീയതി പ്രസിദ്ധീകരിക്കും. ജേർണലിലേയ്ക്കുള്ള വാർത്തകളും ലേഖനങ്ങളും ഓരോ മാസവും 5—ാം തീയതിയ്ക്കു മുമ്പ് അയച്ചുതരണം.

ചീഫ്എഡിററർ.

All Correspondence should be addressed to :

V. N. Murali,
'Vasantham';
Chempakasserry Lane,
Kesavadasapuram,
Trivandrum–4.

കേരള
പ്രൈവററ് കോളേജ്
ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ

വാർഷിക വരിസംഖ്യ :
അഞ്ചു രൂപ.

ഒററപ്രതി :
അമ്പതു പൈസ.

1980
സെപ്ററംബർ

പത്രാധിപസമിതി :

വി. നാരായണൻകുട്ടി
ജി. മാധവൻനായർ
എൻ. ഭാർഗവൻ
എം. ആർ. ചന്ദ്രശേഖരൻ
പി. രവീന്ദ്രനാഥ്
വി. എൻ. മുരളി (ചീഫ് എഡിററർ)

# എ. കെ. പി. സി. ടി. എ.
# സമരത്തിലേയ്ക്ക്

ഒരു പണിമുടക്കുസമരത്തിലേയ്ക്കു നീങ്ങാൻ എ.കെ.പി.സി.ടി.എ. തീരുമാനമെടുത്തിരിക്കയാണ്. അവകാശങ്ങൾ നേടിയെടുക്കുന്നതിനായി അസോസിയേഷൻ നാളിതുവരെ നടത്തിയ സമരങ്ങളെ വിലയിരുത്തിയതിനുശേഷമാണ് പ്രവർത്തകസമിതി ഇങ്ങനെ തീരുമാനിച്ചത്. പണിമുടക്കിന്റെ മുന്നോടിയായി സെപ്ററംബർ 24-ാം തീയതി എല്ലാ ജില്ലാകേന്ദ്രങ്ങളിലും കൂട്ട ധർണ്ണയും നടത്തുന്നതാണ്.

മാറിമാറിവന്ന ഗവൺമെൻറുകളുടെ മുമ്പിൽ നിവേദനങ്ങളിലൂടെയും സമരത്തിലൂടെയും സംഘടന പ്രൈവററ് കോളേജധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ കാതലായ പ്രശ്നങ്ങൾക്കൊന്നും നാളിതുവരേയും പരിഹാരമുണ്ടായിട്ടില്ല. ഇന്ത്യയിലാകമാനമുള്ള കോളേജധ്യാപകരുടെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് ശാസ്ത്രീയമായി നിർണ്ണയിക്കപ്പെട്ടതാണ് യു. ജി. സി. ശമ്പളനിരക്കുകൾ. രണ്ടു സംസ്ഥാനങ്ങളിലൊഴികെ ഇന്ത്യയിൽ മററെല്ലായിടത്തും അതു നടപ്പിലാക്കിക്കഴിഞ്ഞു. കേരളത്തിൽ മുമ്പ് അധികാരത്തിലിരുന്ന സർക്കാരുകൾ, പ്രത്യേകിച്ചു കാരണമൊന്നുമില്ലെങ്കിലും, യു.ജി.സി. സ്കെയിൽ എങ്ങനെ കൊടുക്കാതിരിക്കാം എന്നു മാത്രമാണ് ആലോചിച്ചിട്ടുള്ളത്. അന്നു സമരം ചെയ്ത അധ്യാപകരുടെ നേർക്ക്, ലോകത്ത് മററെങ്ങും കേട്ടുകേൾവിപോലുമില്ലാത്തൊരു കരിനിയമം കൊണ്ടുവരുകയും ചെയ്തു. ഒരുദിവസം പണിമുടക്കിയാൽ രണ്ടുമാസത്തെ ശമ്പളം തടയാമെന്ന യൂണിവേർസിററി നിയമഭേദഗതി ഇപ്പോഴും നിലനിൽക്കുന്നു! യു.ജി.സി. സ്കെയിൽ അനുവദിക്കാനും കരിനിയമം എടുത്തുകളയാനും ഇന്നധികാരത്തിലിരിക്കുന്ന ഗവൺമെൻറ് തയാറാകാത്തതിൽ അധ്യാപകർക്ക് ശക്തിയായ പ്രതിഷേധമുണ്ട്.

ജൂനിയർ ലക്ചറർ സർവീസ് നോൺകേഡർ പ്രൊമോഷന് പരിഗണിയ്ക്കുന്നതും, ഫിസിക്കലെഡ്യൂക്കേ

ഷൻ അധ്യാപകരെ തരംതാഴ്ത്തിയ നടപടി റദ്ദു ചെയ്യുന്നതും പരിഗണനയിലിരിക്കുകയാണെന്ന് ഗവൺമെൻറ് സംയുക്ത സമര സമിതിയെ അറിയിച്ചിട്ടുണ്ട്. അധ്യാപകരെ സംബന്ധിച്ചിടത്തോളം പരിഗണിയ്ക്കുന്നു എന്നു പറഞ്ഞ് നീട്ടിവയ്ക്കാവുന്ന പ്രശ്നങ്ങളല്ല ഇതുരണ്ടും. നിലവിലുള്ള ശമ്പളവും, പദവിയും വെട്ടിക്കുറച്ചനടപടിയാണ് ഫിസിക്കലെഡ്യൂക്കേഷൻ അധ്യാപകരുടെ കാര്യത്തിലുണ്ടായത്. ചന്ദ്രഭാനുക്കമ്മീഷൻെറ ഏറെ ക്രൂരമായ ഈ നടപടി തിരുത്തിക്കിട്ടാൻ ഇനിയും കാത്തിരിക്കാൻ പററില്ല. അതുപോലെ തന്നെ ജൂനിയർ ലക്ചറർ സർവീസിൻെറ കാര്യവും. തുല്യജോലിക്ക് തുല്യവേതനം എന്ന സാമാന്യനീതിയുടെ നിഷേധമാണ് ഇക്കാര്യത്തിൽ ഇന്നു നടക്കുന്നത്.

അസോസിയേഷൻ ഉന്നയിച്ചിട്ടുള്ള മറെറാരു പ്രധാന ആവശ്യം നോൺകേഡർ ഫസ്ററ്ഗ്രേഡ് പ്രൊഫസർഷിപ്പാണ്. ഒരു ജീവനക്കാരൻെറ സേവനകാലത്ത് കുറഞ്ഞത് രണ്ട് പ്രൊമോഷനെങ്കിലും ഉണ്ടാകണമെന്ന് ചന്ദ്രഭാനു കമ്മീഷൻ പറയുന്നുണ്ട്. അതു നടപ്പിലിക്കണമെങ്കിൽ നോൺകേഡർ ഫസ്റ്റ് ഗ്രേഡ് പ്രൊഫസർഷിപ്പ് അനുവദിക്കേണ്ടതുണ്ട്.

കോർപ്പറേററ് മാനേജുമെൻറുകളിലെ അധ്യാപകർ നിരന്തരമായ സ്ഥലംമാററംമൂലം ഇന്നനുഭവിയ്ക്കുന്ന ബുദ്ധിമുട്ടുകൾ കുറച്ചൊന്നുമല്ല. വ്യക്തമായ മാനദണ്ഡങ്ങൾ ഇക്കാര്യത്തിലുണ്ടാകണം. യൂണിവേർസിററി ആക്ടിലെ നഷ്ടപ്പെട്ട വകുപ്പുകൾ പുനഃസ്ഥാപിച്ച് ആക്ട്ഭേദഗതി ചെയ്യുന്നതിനെപ്പററി ഗവൺമെൻറ് ആലോചിക്കുന്നതായി അറിയുന്നു. ലീവ്വേക്കൻസികളിൽ നിയമിക്കപ്പെട്ടവർക്ക് പുതിയ തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടാനുള്ള അവകാശവും, കോടതി ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, ആക്ട് അമൻറ്മെൻറിലൂടെ സ്ഥാപിക്കേണ്ടിയിരിയ്ക്കുന്നു.

വർഷങ്ങളായി സംഘടന ഉന്നയിയ്ക്കുന്നവയാണ് ഈ ആവശ്യങ്ങൾ. ഇവയൊന്നും നടപ്പിലാക്കിയിട്ടില്ല എന്നു മാത്രമല്ല പുതിയ പല പ്രതിസന്ധികളും പൊട്ടിമുളയ്ക്കുകയും ചെയ്യുന്നു. ഈ ഒരു സാഹചര്യത്തിൽ നമുക്ക് ശക്തരായി രംഗത്തു വരേണ്ടിയിരിയ്ക്കുന്നു. പ്രശ്നങ്ങൾ പരിഹരിച്ചുകിട്ടാൻ പണിമുടക്കിലേയ്ക്കുതന്നെ നീങ്ങാം. അതിൻെറ മുന്നോടിയായി സെപ്ത: 24 ന് ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന കൂട്ടധർണ്ണ വമ്പിച്ച വിജയമാക്കുക.

□

## 64-ാംവകുപ്പ് നടപ്പിലാക്കുക

കേരള-കോഴിക്കോട് യൂണിവേഴ്സിററി ആക്ടുകളിലെ 64-ാം വകുപ്പു നടപ്പാക്കുന്നതു സംബന്ധിച്ച് വിദ്യാഭ്യാസമന്ത്രി, അധ്യാപക പ്രതിനിധികളുമായും ഇരു യൂണിവേഴ്സിററികളിലെയും വൈസ്ചാൻസ്ലറൻമാരുമായും ചർച്ച നടത്തിയത് എത്രയും സ്വാഗതാർഹമാണ്. കോർപ്പറേററുമാനേജുമെൻറുകളിൽ സ്ഥലംമാററങ്ങളുടെ പേരിൽ ഇന്നു നടക്കുന്ന അഴിമതി, മുമ്പുണ്ടായിരുന്നതിനേക്കാൾ എത്രയോമടങ്ങു വർദ്ധിച്ചിരിക്കുന്നു. കേരളത്തിലെ പ്രധാന കോർപ്പറേററു മാനേജുമെൻറുകൾ എൻ.എസ്.എസ്., എസ്.എൻ. മാനേജുമെൻറുകളാണ്. അവർ സ്ഥലംമാററുന്നതിനും മാററാതിരിക്കുന്നതിനും കോഴ വാങ്ങും. സംഘടനാപ്രവർത്തകരെ തെരഞ്ഞുപിടിച്ച് സ്ഥലംമാററും. ദമ്പതികളായ അധ്യാപകരെ വേർപിരിയ്ക്കും. മാനേജുമെൻറിൻെറ പാദദാസൻമാരായ കുറച്ച് അധ്യാപകർക്ക് സ്ഥലംമാററമുണ്ടാകാതിരിക്കാനാണ് ബഹുഭൂരിപക്ഷം അധ്യാപകരേയും ഇങ്ങനെ ഫുട്ബാൾ പോലെ തട്ടിയുരുട്ടുന്നത്. പ്രോവിഡൻറ്ഫണ്ടിൽ നിന്നും കടം എടുക്കുന്നതിനും; പ്രമോഷന് അംഗീകാരം കിട്ടുന്നതിനും, പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഈ സ്ഥലംമാററങ്ങൾ മൂലമുണ്ടാകുന്ന കാലതാമസം അധ്യാപകർ നേരിടുന്ന മറെറാരു പ്രതിസന്ധിയാണ്.

അധ്യാപകദ്രോഹം, അഴിമതി എന്നിവ കാഴ്ചപ്പാടാക്കി മാററിയിരിയ്ക്കുന്ന മാനേജുമെൻറുകളെ നിയന്ത്രിക്കാനുള്ള ബാധ്യത ഗവൺമെൻറിനുണ്ട്. 64—ാം വകുപ്പു നടപ്പാക്കുന്നതിലൂടെ സ്ഥലംമാററത്തിൽ ഇന്നു നടക്കുന്ന അഴിമതി ഒരുപരിധിവരെ കുറയ്ക്കാൻ കഴിയും. ഇതുകൊണ്ടും പ്രശ്നം തീരില്ല. ഒരു കോളേജിൽ നിന്നും മറെറാരു കോളേജിലേയ്ക്ക് മാററുന്നതിനുതന്നെ വ്യക്തമായ മാനദണ്ഡമുണ്ടാകേണ്ടിയിരിയ്ക്കുന്നു. ഏതായാലും ഗവൺമെൻറ്, മാനേജുമെൻറു പ്രതിനിധികളുമായി ചർച്ചനടത്തുമ്പോൾ ഈ പ്രശ്നങ്ങളൊക്കെ ഗൗരവപൂർവം പരിഗണിക്കണമെന്നും, 64—ാം വകുപ്പു നടപ്പാക്കുന്നതിൽ ഇനിയും കാലതാമസം വരുത്തരുതെന്നുമാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

□

# Copy of the memorandum submitted to Mr. B. Sankaranand Honourable Minister of Education, Govt. of India

On behalf of more than one lakh College and University teachers who are members of organisations affiliated to All India Federation of University and College Teachers' Organisations (AIFUCTO) I am constrained to put before you the following among other demands which deserve your immediate consideration and subsequent accession:

(1) **Revision of payscales**— You are aware that the payscales of College and Univsrsity teacaers were last revised with effect from 1·1·73. More than 7 years have passed since then. Progressive changes hhve taken place during this period in our economic structure, standard of living of various sections of Indian population and labour productivity. Besides, there has been phenomenal increase in cost of living index which has eroded the real value of pay and allowances drawn by College and Univesity teachers. Sporadic rise in Dearness allowance at the most has effected partial compensation of this erosion. Visualising similar conditions, the education Commission had recommended that scales of pay of College and University teachers should be reviewed after every five year period and revised if found necessary. We demand that necessary steps be taken in this regard by your ministry and U. G. C. be asked to review and revise if necessary the existing payscales of College and University teachers.

(2) **Uniform** rates **of allowances and perquisities.** In this connection I would like to point out a peculiar droblem faced by members of this profession. Scales of pay of College and University teachers are revised by the U. G. C. and Govt. of India and at the moment are comparable of those in analogous central services. However in the matter of other allowances and fringe benefits there is a great discrepancy It is persumed that teachers of State Universities should be treated at par with employees of respective State Governments. However this presumption is without any basis. Teachers of Colleges and Universities almost invariably do not enjoy benefits similar to State Government employees. They are discriminated against without exception. Over and above this, allowances enjoyed by State Government employees are less than those enjoyed by central Govt. employees. The basic rationale of introducing national scales of pay for College and University teachers is to ensure

unhindered professional mobility of teachers in higher education. However this very purpose is defeated by wide discrepancy in allowances. A.I.F.U.C.T.O. demands that College and University teachers should be paid the same allowances and perquisites wherever they may be serving in India.

**(3) Single running scale for College and University teachers**—

The basic demand of College and University teachers has been (a) the same scale of pay for College and University teachers and (b) abolition of various categories and payscales for teachers of Colleges and Universities. The U G. C. scales of pay introduced on 1·1·73 met this demand only partially. All College teachers were designated Lecturers and put in the payscale of Rs. 700-1300-1600· However in Universities all the three categories – Lecturers, Readers and Professors remained along with different payscales. Besides, College teachers specially senior among them and those who had been enjoying scales and designations analogous to those of University Readers and Professors were grossly wronged. Difference in emoluments between Colleges and Universities widened all the more. A.I.F.U.C.T.O. reiterates its demand that there should be a uniform running scale for all teachers of Colleges and Universities.

**(4) Lecturers' scale for Librarians and D.P.E. s. :**

It is a matter of great regret that payscales for Librarians and D. P. E. s were not revised along with those of other categories of College and University teachers. We have demanded that with effect from 1.1.73 all Librarians and D. P. E· s with Post - Graduate qualifications should be given Rs. 700-1600 payscales.

We feel concerned to learn that recommendations of the U· G. C. regarding revision of payscales for Librarians and D. P. E s are pending with the education department which is only procrastinating on this issue.

We further are of opinion that Librarians and D· P· E· s should be provided with adequate leave with full pay for improvement of their qualifications.

**(5) Demonstrators and Tutors:**— While we agree with U· G· C. recommendations that fresh appointments should not be made against these posts, we demand all existing Demonstrators and Tutors having Post-Graduate qualifications to be upgraded to Lecturers and their posts converted into posts of Lecturers. Demonstrators and Tutors not having P. G. qualifications should be provided adequate leave-with full pay for improvement of their qualifications for their eventual promotion to Lecturership·

**(6) Inclusion of all teachers of higher education under the purview of U. G. C· scales of pay:**—

We note with regret that in spite of our repeated representations teachers of Colleges affiliated to some Univesrities like Sanskrit University are not being given U. G. C. scales of pay.

There are some categories of teachers who have different designations like Asstt· Lecturer, Associate Lecturer·

*(will continue in the next issue)*

# news of international teachers' movement

SENEGAL

United Democratic Teachers Union of Senegal has launched a Nation-wide struggle on the basis of a 8 point charter of demands which includes:–

1) Institution of a National Commission on Education to suggest truely democratic and progressive reforms.

2) Appointment of more teachers and general improvement of academic conditions.

3) Better housing condition.

4) Lower working hours.

5) Compensation for price–revision etc.

The teachers observed a 'National Day of Action in Defence of School' on 2–12–79.

CANADA

Center of Education of Quebec (CEQ) the united organisation of teachers of all sectors of the state of Quebec in Canada along with other organisations of workers in public Service formed recently a joint action Committee CEQ–CSN–FTQ and got a mandate of strike from their 480,000 members. The government has stepped in passing a reprerise special legislation declaring the proposed strike illegal and threatening severe penal measures.

IRAQ

Leadership of World Federation of Teachers' Union (FISE) held a joint meeting with Iraq Teachers' Union and Federation of Arab Teachers Syndicate (FATS) in January 1980.

FISE-FATS-ITU have issued a joint statement which Interalia opposes holding of the proposed International Teacher's Meeting at Jerusalem in November 1980. This meeting is jointly convened by World Confederation of Orgns. in Teaching Profession (WCOTP) and International Federation of Free Teacher's Union (IFFTU) with the avowed objective of fighting racism and imperialism. FISE–FATS–ITU feel that this meeting will objectively support zionism and the occupation of Arab territories by Israil and the U. S. Israil imperialistic designs in the Middle East. They warned teachers of the world not to fall prey to such an evil design of the real enemies of racial amity and peace.

FRANCE

Five organisations of secondary school teachers along with the organisation of teachers in higher education conducted a nation–wide movement demanding:–

1) improvement of working conditon.

2) statutory security of service.

3) Reinstatement of victimised teachers

4) full civic and political rights

5) retention of sports and physical

education in school carriculum and improvement of service condition of teachers of the faculty in defence of the public vocational education.

Teachers organised on 12 th Dec, 1979 an unprecedented 50,000 strong demonstration before French Parliament in Paris led by Daniel Retureau, General Secretary of FISE.

## BANGLADESH

Teachers' organisation of Bangladesh have formed Bangladesh Federation of Teachers' Association (BFTA) and through movement have been able to compel the Goverment to set up a Permanent Consultative Committee on Education. The government has already conceded a number of important demands of teachers including Statutory Security of service and Direct payment to all teachers including those serving in private institutions.

AIFUCTO supplied important documents to Bangladesh College Teachers' Association, a component organisation of (BFTA) at its request.

## FISE

The administrative Committee of FISE held its meeting on 28th–29th May 1980 at Damascus, the capital of Syrian Arab Requblic at the invitation of Syrian Teacher's Union. The meeting discussed the Report presented by the FISE Secretariat on condition of teachers on various parts of the world, expressed solidarity ot the Teacher's movements in various parts of the world, finalised holding of the 12th Statutory Conference of FISE in April 1980 at Budapest, capital of Hungary.

---

## പ്രൊഫ. കുമ്മിണി അന്തരിച്ചു.



ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജ് മലയാളം പ്രൊഫസറായിരുന്ന ശ്രീ കുമ്മിണി വാസുദേവൻ നമ്പൂതിരി കഴിഞ്ഞ ജൂലൈ 5–ാം തീയതി അന്തരിച്ചു. ആധികാരികമായി കഥകളിനിരൂപണം നടത്താൻ കഴിവുള്ള അപൂർവ്വം പണ്ഡിതന്മാരിൽ ഒരാളായിരുന്നു പ്രൊഫ. കുമ്മിണി. അദ്ദേഹത്തിന്റെ 'പുറപ്പാട്' കഥകളിരംഗത്ത് അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരാസ്വാദനഗ്രന്ഥമാണ്. 'കഥകളി സാഹിത്യം' എന്ന വിഷയത്തെക്കുറിച്ചുള്ള ഗവേഷണത്തിനായി കേന്ദ്രഗവണ്മെന്റിന്റെ രണ്ടു വർഷത്തേയ്ക്കുള്ള ഫെല്ലോഷിപ്പിന് ഇദ്ദേഹം അർഹനായിട്ടുണ്ട്. ഒരു കവി എന്ന നിലയിലും പ്രൊഫ. കുമ്മിണി തന്റെ കഴിവുകൾ പ്രകടിപ്പിച്ചിരുന്നു.

# teachers' movement in other states

## West Bengal

West Bengal College and University Teachers' Assn. (WBCUTA) held its 54th Annual Conference at Amiya Dasgupta Nagar Gobardanga, 24 Parganas on 12-14 April 1980. The Conference was attended by nearly 2000 teachers. On this occasion two Seminars were held. One on academic autonomy and the other on Education and Social change. Important academicians and statesmen including the state Higher Education Minister Prof. Shambhu Ghosh participated in the conference. Dr. J. C. Jha, General Secretary, Federation of University, Service Teacher's Associations of Bihar (FUSTAB) and Prof. Mrinmoy Bhattacharyya then Joint Secretary of AIFUCTO also attended it. The conference elected the new leadership of the Association which include Prof. Nirmalya Bagchi, the President and Prof. Kalipada Banerjee, the General Secretary.

## Bihar

The state government has decided to take over 74 private affiliated colleges and convert them into constituent colleges of the respective universities. After this excepting a few minority-run colleges whose management refused to cooperate with the government scheme, there will be no private management in colleges in Bihar.

## Tamilnadu

In Tamilnadu Association of University Teachers' Tamilnadu (AUT), Madurai University Teacher's Association (MUTA) and Tamilnadu Govt. Teachers' Asssciation (TGTA) had formed a joint Action Council and have now been conducting there movement under its behest, Joint Action Council has decided to observe a mass Relay fast in Madurai and Madras on 26-7-80 to highlight the demand of AIFUCTO.

Sometime earlier AUT and Joint Action Council had to launch a prolonged struggle against the autocratic behaviour of the management of SIET College for Women, Madras, which had been closed down by it sine die. The College has since then reopened.

## Maharastra

Maharastra Federation of University and College Teachers' organisation (MFUCTO) held its General Council Meeting on 15th June, 1980 at Pune. The Council recalled Dr. L. B. Kenny, President and Prof. K K. Thekedath, General Secy. It adopted a charter of demands which included among others (I) Withdrawal of the essential Services (Maharastra) Ordinance, (II) protection of pay and other service conditions affected by introduction of the new pattern of Education, (III) Upgradation of Demonstrators and tutors, (IV) Lecturers' scale for Librarians and D. P. Es. (V) Democratisation of University Acts. etc.

The Council also adopted a detailed programme of action at State level and decided to participate at all AIFUCTO programmes.

★★



# Professor M. P. Raghava Kurup

Following a paralytic stroke Mr. M. P. Raghava Kurup, Retired Professor of Malayalam, N.S.S. Hindu College, Changanacherry passed away on 22-7-1980 at the age of 63. His demise is a great loss to the entire teacher-student community of Kerala.

Born at Vennikulam in 1916, he was educated at the St. Johns High School, Eraviperoor, S. B. College, Changanacherry and the Govt. Arts College, Trivandrum. He served as a teacher in various schools like Poonjar H.S., Sasthamangalam H.S., Tiruvalla Govt. H.S., Nedungada H.S., and the Tinneveli Hindu College for about ten years before he joined the N.S.S. Hindu College, Changanacherry in 1948. He was an active trade unionist from the very beginning and for the same reason never remained in the good books of the management. After denying him the Professorship for a long time for his Association activity, the management was forced to promote him in 1960 when they had to promote a kinsman who was junior to him. Again they forestalled his promotion as Post-Graduate Professor for many years by inducting retired hands from outside for that post. Ultimately he was promoted as Post-Graduate Professor in 1969 when the University took objection to induction of people from outside. He retired from service in 1976. After his retirement he under went a course in Linguistics conducted by the Dravidian Linguistics Association, Trivandrum and acquired a diploma in that subject. He was since appointed as U.G.C. Research Professor in the Department of Linguistics, University of Kerala and was working on a project assigned by them when he fell ill suddenly.

Mr. Kurup was a revolutionary all his life. He never unnecessarily bowed before anybody and always resisted injustice. He was one of the founder-members of the AKPCTA. He has served as Branch Secretary in various units for long periods and was actively associated with it throughout his career. He was one of the very few dedicated workers of the Association and has suffered a great deal for its cause.

Mr. Kurup was a brilliant teacher and an accomplished scholar. His command over English and Sanskrit was extra-ordinary. He has served as a member of the senate, Board of studies and Faculty of Malayalam of the Kerala, Calicut, Madurai and Annamalai Universities for long periods.

*(Contd. page 16)*

എ. കെ. പി. സി. ടി. എ.
കേരള – കോഴിക്കോട് യൂണിവേഴ്സിറ്റികൾക്ക്
സമർപ്പിച്ച മാതൃകാ സിലബസ്

# SYLLABUS IN PRE-DEGREE COMMERCE

## PREFACE

The student at the Pre–Degree level may be introduced to the various Theoretil cal and practical aspects of Commerce. Viewed from their perspective it is felt that the syllabus now followed in the Kerala and Calicut Universities are not comprehensive enough. A student on successful completion of the Pre-Degree course should be conversant with the general principles and practices of Commerce. He shall be given the necessary job orientation at this level itself. The course and the syllabus have to be designed in a manner which will equip the student to fit in well in a job situation or to feel confident the finding avenews of self employment in business and industry and co–operative organisation. Keeping this in view an attempt has been made to include almost all important topics relating to the various branches of Commerce in this draft syllabus which, of course, is to be perfected and refined in the light of further discussions at the workshop level.

## COMMERCE PAPER

1. Meaning and Scope of Commerce–Evolution of Commerce-Different stages of economic and Commercial development

2. Forms of Business Organaisations.

   i) Sole trader Concerns–Definition-advantages and disadvantages-suitability–survival of sole trader inspite of competition from large scale organisations.

   ii) Partnership organisations
   Definition– Characteristics-kinds of partnerships-partnership deed-Registration of partnerships-kinds of partners–Rights, duties and liabilities of partners. Dissolution of partnerships–Drafting a model partnership Deed. Goodwill in partnersip. Comparison between sole trader and partnership form of organisation.

   iii) Companies:
   Definition–types of companies Formation – memorandum of Association. Articlels of association. Drafting a model Memorandum and Articles. Certificate of incorporation. Issue of prospectus. Drafting a model prospectus. Certificate of Commencement of business. Comparative study of partnership and Company form of organisation.

   iv) Co–operative Societies:
   Definition-Characteristics-Formation of a co-operative society. Cortificate of registration. Management of co-operative societies. Types of Co-operative societies-

Drafting a model bye–law of Co-operative Society. Advantages and dis–advantages of Co-operatives Comparisons between Co–operative Societies and Com–panies

v) Public utilities and State enterprises:
Definition, meaning and scope. Characteristics of public utilities and State enterprises.

3. **Commercial Arithmetic**

Logarithams, Aliqnot parts. Mixtures Compound interest, Commission, brokerage, rates and taxes. Bankers discount and True discount, Mensuration, Average due date and Account current. Ratio proportion, percentage and averages.

## COMMERCE PAPER II

1. MONEY AND BANKING

Barter System of Exchange-Defects of Barter-Evolution of Money-Meaning of Money. Functions of Money-Forms of Money.

Banking-What is a Bank ? Types of Banks-Commercial Banks Functions of Commercial Banks-Types of Accounts-Advantages of Bank Account–pass book-pay-in-slip. Savings Banks - Agricultural of Land Mortgage Banks–Industrial Banks Exchange Banks–Co–operative Banks–Mixed Banking Central Bank–Functions of Central Bank-The Reserve Bank of India–The State Bank of India–Nationalisation of Commercial Banks.

2. NEGOTIABLE INSTRUMENTS.

Bills of Exchange and promissary Notes-Negotiation of Bill. Cheques and promissary Note-presentment of Bill of Exchange-Dishonour of Bills – Noting of Dishonour-Noting and protest - Acceptance for Honour-Payment of Honour-Maturity and Days of Grace. Accommodation Bills, Hundis and cheques-Crossing of Cheques - post - dated and Cheques - Alterations - Paying Banker and Collecting Banker - Forgery of drawer's signature Forgery of endoresement - Endorsement of Cheques Comparison between promissary Note, Bills of Exchange and Cheque.

3. SALE OF GOODS

Contract of Sale - Essentials of a Contract of Sale - Form and mode of Contract of Sale - Methods of Sale - Conditions and Warrantion in a Contract of Sale - Transfer of Property - Transfer of Risks - Rights of unpaid Seller.

4. MARKETING OF GOODS

Meaning of Markets – Classification of Markets - Meaning and importance of Marketing - System of Marketing - Conditions of a Wide Market, Market price Market Report - Classification of Goods.

Marketing Functions - Buying and Assembling-Standardisation and Grading–Branding and Trade Mark - packing and Packaging, Processing - Financing - Risk bearing - Market Information.

Meaning of storage - The need of Storage - Benefits from Storage.

5. TRANSPORT

Importance - Functions of Transport–Models of Transport - Land Transport - Railways and Roads- Advantages of Road - Transport - Disadvantages of Road

Transport - Different means of Road Transport, TramWays, Railways - Characteristics - Advantages - Limitations - Common and Private Carriors - Rail Road - Competition - Rail - Road - Cordination.

Water Transport - Inland Water ways-River Transport — Canal Transport-Advantages and Disadvantages - Ocean Transport - Coastal Shipping - Overseas Shipping - Bill of Lading and Charter Party.

Air-Transport - Advantages and Limitations - Transport in India.

6. INSURANCE

Meaning of Insurance - Need of Insurane - Fundamental princpiles of Insurance and Assurance - General principles of Insurance - Contribution - Subrogotion - Types of Insurance - Marine Insurance - Fire Insurance - Life Insurance.

7. SELLING

Meaning — importance — Methods of Selling—Direct methods Indirect Methods Mercantile Agents and Merchant Middle man

MERCANTILE AGENTS

Agent and principal — Mercantile Agents - Meaning - kinds of Mercantile agents.

MERCHANT MIDDLENET (wholesalers and Retailers)

Definitions of Wholesaler and Retailer — Differene between wholesaler and Retailer.

Function of wholesalers - Services of Wholesalers—Organisation of wholesale Trade. Is the wholesale Link necessary.

Retailer — Functions of Retailers—Retailer's Services kinds of Retailers.

Departmental Stores — Multiple Shops Distinction between Multiple Shops and Departmental Stores— Mail orders Houses, Hire—Purchase shops.

8. STATE TRADING

The Background — Committees on State Trading—Need of State Trading—State Trading Corporation of India Food Corporation of India

9. IMPORT AND EXPORT TRADE

Importance of Foreign Trade. Import Trade Stages in an Import Transaction.

Stages in an Export Transaction—Export Trade—Foreign Trade of India—Documents of foreign Trade.

SALESMANSHIP AND PUBLICITY

Meaning of Salesmanship - Importance - Types of Salesman—Qualities of a good Salesman — Types of Customers—Buying Motives. Selling Points - The process of selling.

Sales Organisation — Function of Sales Organisation—Plansing Functions—Administrative Functions — Executive Functions.

Training of Salesmen — objective of Training — Methods of Training Remuneration of Salesmen — Methods of Remuneration.

Sales Manager - Duties of a Sales Manager.

10. PUBLICITY AND ADVERTISING

Objects of Advertising — Advantages of Advertising—objection against Advertising Media.

11. TRADE ASSOCIATIONS AND CHAMBERS OF COMMERCE

Trade Associations—Definition—Functions—Organisation and working

Chambers of Commerce — Meaning—Organisation—Functions—Special fertures-of Trade Associations and Chambers of Commerce — Distinction between Trade Asscoiation and Chamber of Commerce.

Trade Associations and Chambers of Commerce in India, International Chamber of Commerce.

★★

UNIVERSITY OF KERALA

No. Ac. B2-1353/80

# CIRCULAR

Sub: Affiliated Colleges—Second Saturday — holiday —

Ref: Minutes of the Meeting of the Syndicate dated 4th July 1980.

The Principals of affiliated Colleges where Shift System has been introduced for Pre-degree Cource are informed that all Government holidays including Second Saturdays will be holidays for the affiliated Colleges.

Sd/—
REGISTRAR

Trivandrum
5-8-1980

To

1 The Principals of affiliated Colleges where Shift System has been introduced

2 The Director of Collegiate Education

3 Ac. F. Sections

4 Steck File

## പ്രൊഫ. പി. സി. ഏട്ടനുണ്ണി രാജ സർവ്വീസിൽനിന്നും വിരമിച്ചു



കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലെ മലയാളം പ്രൊഫസർ പി. സി. ഏട്ടനുണ്ണിരാജ, ദീർഘകാലത്തെ സേവനത്തിനു ശേഷം 1980 മേയ് 19-ാം തീയതി സർവ്വീസിൽ നിന്നും വിരമിച്ചു. അധ്യാപനരംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ശ്രീ. രാജ വിപുലമായ ഒരു ശിഷ്യസമ്പത്തിന്റെ ഉടമയാണ്. പാലക്കാട് വിക്ടോറിയ കോളേജിലും അദ്ദേഹം സേവനമനുഷ്ടിച്ചിട്ടുണ്ട്. ശ്രീ. രാജ എ. കെ. പി. സി. ടി. എ. യുടെ ഒരു സജീവാംഗമായിരുന്നു.

എ. കെ. പി. സി. ടി. എ. യുടെ ആഭിമുഖ്യത്തിൽകൂടിയ യാത്ര അയപ്പു യോഗത്തിൽ പ്രൊഫ. ഇ. സി. ഡേവിഡ്, ശ്രീ. പി. പി. പത്മനാഭൻ, പ്രൊഫ. കെ. പി. ആർ. മേനോൻ, പ്രൊഫ. രാജശേഖരൻനായർ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. പ്രിൻസിപ്പൽ ശ്രീ. പി. കെ. എം. രാജയും പ്രൊഫസ്സറുടെ സേവനങ്ങളെ പ്രശംസിച്ചു സംസാരിച്ചു.

# GOVERNMENT OF KERALA

Finance Department,
Trivandrum,
Dated: 30-7-1980.

No. 28837/PRC. A 2/80/Fin

From

The Special Secretary (Finance).

To

Sri. R.C.C. Nair, President A.K.P.C.T.A.
Trivandrum.

Sir,

Sub: Demands raised by the Adhyapaka Service Sanghatana Samara Samithy—Progress of action taken—Regarding.

Ref : Minutes of the Meeting held at 10 A.M. on 18-4-1980 by the Chief Minister with the representatives of Samithy.

In inviting your attention to the reference cited, I am to inform you that Government have already issued orders on the following points agreed to at the discussions held on 18-4-1980.

..........................................................................................................

(3) The following issues are still under examination and decision on these will be communicated as early as possible :

..........................................................................................................

3. Counting of service as Junior Lecturer for non-cadre promotion as Professor Grade II.

..........................................................................................................

19. Alleged Anomalies in the revised scales allowed for Livestock Assistants, Survey Head Draftsman in the Survey Department, Stenographers and Physical Education Lecturers.

Yours faithfully,

Sd/-

For Special Secretary (Finance)

# AIFUCTO NEWS

### Deputation to Education Minister

A deputation on behalf of AIFUCTO met Mr. B. Shankaranand the Union Education Minister on 4–7–80. at his Chamber in the Parliament House. The memorandum submitted to him has been printed separately in this issue. The minister gave a patient hearing to the deputationists but did not commit anything concretely.

### International Seminar in Dec. 1980

All Orissa Federation of Teachers' organisations in co-operation with FISE will organise an international seminar on 7-10 Dec. '80 at Bhubaneswar on "Status and condition of service of Teachers in South East Asia", The meeting of Indian Organisations affiliated to FISE held at Bhubaneswar on 8th June '80 formed a National Preparatory Committee, a Reception Committee and a Committee to draft the Report on status and condition of Service of Indian Teachers. Prof. Mrinmoy Bhattacharyya, Gen. Secy. and Prof. Ajoy Banerjee, East Zone Secy. attended the meeting on behalf of AIFUCTO. Leaders of teachers' organisations from about twenty countries of the region are expected to participate in this seminar.

✶

### സെപ്തമ്പർ 24 ന് ജില്ലാകേന്ദ്രങ്ങളിൽ കൂട്ടധർണ

അവകാശങ്ങൾ നേടിയെടുക്കാനായി എ. കെ. പി. സി. ടി. എ ആരംഭിക്കുന്ന പണിമുടക്കു സമരത്തിന്റെ മുന്നോടിയായി എല്ലാജില്ലാകേന്ദ്രങ്ങളിലും ഈ മാസം 24 ന് കൂട്ടധർണ നടത്തുന്നതാണ്.

സംഘടനയിലെ എല്ലാ അംഗങ്ങളും ധർണയിൽ പങ്കെടുത്ത് പണിമുടക്കിന്റെ മുന്നോടിയായ ഈ സമരം വമ്പിച്ച വിജയമാക്കുക.

ജനറൽസെക്രട്ടറി

എ. കെ. പി. സി. ടി. എ.

---

*(......Contd. from page 10)*

The literary talents in him was patent even from his childhood. But his trade union activity overshadowed his activities in the literary field until very late in his career. But towards the end of his career he concentrated more on his literary interests. His translation into Malayalam of Kalidasa's "Raghuvamsam" which was released in March 1976 by the then Chief Minister of Kerala, Shri C. Achutha Menon is a standing testimony to the poet in him. The translation of Kalidasa's own "Megha-sandesam" was serially published in the 'Kerala Kaumudi' a few years back. During his last years he was working on the translation into English of A.R. Rajaraja Varma's "Kerala Paanineeyam", a work assigned to him by the U. G. C. These apart, he has published several essays, poems and reviews through the press and radio.

Mr. Kurup was an exemplary teacher. He was most unassuming and led a very simple life. He never sought fame or glory. He spent the whole of his time and energy for his students and fellow-workers. His life and activities will go down in history in letters of gold and will inspire the younger generations for years to come.

✶

# ജില്ലാ വാർത്തകൾ

## തൃശൂർ

### കേരളവർമ്മ കോളേജിൽധർണ

കേരളവർമ്മ കോളേജിലെ എ. കെ. പി. സി. ടി. എ. ബ്രാഞ്ച് ആഗസ്റ്റ് 8–ാം തീയതി കോളേജാഫീസിനു മുന്നിൽ ധർണനടത്തി. ഷിഫ്ററ് തസ്തികകളിൽ നിയമിതരായിട്ടുള്ള അദ്ധ്യാപകരുടെ നിയമനാംഗീകാരം നേടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ കോളേജധികാരികൾ വരുത്തുന്ന കാലതാമസത്തിൽ പ്രതിഷേധിച്ചായിരുന്നു ധർണ. ധർണയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തുകൊണ്ട് എ. കെ. പി. സി. ടി. എ. ഉത്തരമേഖലാ സെക്രട്ടറി തോളൂർ ശശിധരനും, ജില്ലാ സെക്രട്ടറി എം. കെ. പത്മനാഭനും സംസരിച്ചു.

### സംയുക്തസമരസമിതി ധർണ

ആഗസ്റ്റ് അഞ്ചാം തീയതി സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ കളക്ററേററിനുമുമ്പിൽ നടന്ന ധർണ വമ്പിച്ച വിജയമായിരുന്നു. ജില്ലാ സെക്രട്ടറിയുടെ ആഹ്വാനമനുസരിച്ച് നൂറോളം എ.കെ.പി.സി.ടി.എ. അംഗങ്ങൾ അന്നത്തെ ധർണയിൽ പങ്കെടുത്തു. ജില്ലയിലെ അധ്യാപകരുടെ സമരവീര്യം വിളിച്ചറിയിയ്ക്കുന്നതായിരുന്നു ധർണ്ണയും പ്രകടനവും. അഞ്ചാം തീയതിയിലെ സമരത്തെപ്പററി ആലോചിക്കുവാൻ ചേർന്നയോഗത്തിലും എ. കെ. പി. സി. ടി. എ. അംഗങ്ങളായ ധാരളം അധ്യാപകർ പങ്കെടുത്തിരുന്നു. സംഘടനയെ പ്രതിനിധീകരിച്ച് തോളൂർ ശശിധരൻ പ്രവർത്തക യോഗത്തിൽ സംസാരിച്ചു.

## കോഴിക്കോട്

ജില്ലാകൗൺസിൽ 13–7–80 ന് സയൻസ് സെൻററിൽ യോഗം ചേർന്നു. ഭൂരിപക്ഷം കൗൺസിൽ അംഗങ്ങളും യോഗത്തിൽ പങ്കെടുത്തിരുന്നു. പ്രസിഡൻറ് ശ്രീ. ചന്ദ്രമോഹനൻെറ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി കെ. പി. ആർ. മേനോൻ കഴിഞ്ഞ യോഗത്തിൻെറ മിനിട്സ് അവതരിപ്പിച്ചു. ഫറൂക് കോളേജിൽ ഈവർഷം യൂണിററ് പുനരാരംഭിച്ചതിലും ദേവഗിരി കോളേജിലെ അംഗസംഖ്യ ഗണ്യമായി വർദ്ധിപ്പിച്ചതിലും യോഗം സന്തോഷം പ്രകടിപ്പിച്ചു. ട്രാൻസ്ഫറായിവരുന്ന അധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ എസ്. എൻ. ജി. കോളേജിലെ ഗീതാകൃഷ്ണൻ യോഗത്തിൻെറ ശ്രദ്ധയിൽപ്പെടുത്തി. ഷിഫ്ടിന് പ്രത്യേകം സ്റ്റാഫിനെ നിയമിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. കേന്ദ്രീകൃത വാലേ്വഷൻ, ഷിഫ്ട് എന്നീ പ്രശ്നങ്ങളെപ്പററി ജില്ലാതലത്തിൽ ചർച്ചായോഗം സംഘടിപ്പിക്കാനും തീരുമാനിച്ചു. കേരള–കോഴിക്കോട് സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിലെ ബിരുദാനന്തര കോഴ്സുകൾക്ക് അപേക്ഷിക്കുവാനുള്ള സമയ വ്യത്യാസത്തിലെ അപാകതമൂലം വിദ്യാർത്ഥികൾ അനുഭവിയ്ക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്ന് യോഗം സർക്കാരിനോടും സർവ്വകലാശാലാ അധികൃതരോടും അഭ്യർത്ഥിച്ചു.

### മലബാർ കൃസ്ത്യൻ കോളേജ്

സംഘടനയുടെ സ്ഥാപകനേതാക്കളിൽ പ്രധാനിയായിരുന്ന വി. ആർ. എസ്സിൻെറ ഒന്നാം ചരമ വാർഷികം മലബാർ കൃസ്ത്യൻ കോളേജിലെ എ. കെ. പി. സി. ടി. എ. ബ്രാഞ്ച് സമുചിതമായി ആചരിച്ചു. കോഴിക്കോട് മോഡേൺ ഹോട്ടലിൽ ചേർന്ന യോഗത്തിൽ, പ്രൊഫ. വി. ആർ. എസ്സിൻെറ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് പ്രൊഫ. മുഹമ്മദ്കോയ, ശ്രീ. ചന്ദ്രമോഹനൻ എന്നിവർ സംസാരിച്ചു.

## കൊല്ലം

## സ്വീകരണം

കേരള സർവകലാശാല സിൻഡിക്കേററ് മെമ്പർ പ്രൊഫ. ടി. ഗോപാലകൃഷ്ണനും കോഴിക്കോട് സർവകലാശാല സിൻഡിക്കേററ് മെമ്പറൻമാരായ പ്രൊഫ. വി. നാരായണൻ കുട്ടി, പ്രൊഫ: ആർ. രാമചന്ദ്രൻ നായർ എന്നിവർക്കും കൊല്ലം ശ്രീനാരായണാ കോളേജ് എ. കെ. പി. സി. ടി. എ. ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 6-ാം തീയതി ബുധനാഴ്ച വൈകിട്ട് 3 മണിക്ക് ഒരു സ്വീകരണം നൽകി. ബ്രാഞ്ച് പ്രസിഡന്റ് ഡാ: കെ. സുന്ദരേശന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ പ്രൊഫ. എസ്സ്. ശിവപ്രസാദ്, ഡോ. രാമവർമ്മ, പ്രൊഫ. എൻ. ഭാർഗവൻ, പ്രൊഫ. നന്ദിയോട് കെ. രാമചന്ദ്രൻ എന്നിവർ സംസാരിച്ചു. യോഗത്തിൽ പ്രൊഫ. കെ. ജയപാലൻ സ്വാഗതവും ശ്രീ. എസ്. ശിവൻ കൃതജ്ഞതയും പറഞ്ഞു.

## കണ്ണൂർ

ചന്ദ്രഭാനുക്കമ്മീഷൻ തരംതാഴ്ത്തിയ ഫിസിക്കലെഡ്യൂക്കേഷൻ അധ്യാപകരുടെ പ്രശ്നങ്ങൾക്ക് ഉടനടിപരിഹാരമുണ്ടായില്ലെങ്കിൽ, സംസ്ഥാന വ്യാപകമായുള്ള സമരപരിപാടികൾക്കു നേതൃത്വം നൽകുവാൻ എ കെ. പി. സി. ടി. എ കണ്ണൂർ ജില്ലാക്കമ്മിററി കേന്ദ്രനേതൃത്വത്തോട് പ്രമേയംവഴി ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് ടി. വി. കുഞ്ഞുരാമക്കുറുപ്പിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം, എൻ. എസ്. എസ്, എസ്. എൻ. കോളേജുകളിൽ നടക്കുന്ന തത്വദീക്ഷയില്ലാത്ത സ്ഥലം മാററങ്ങളിൽ പ്രതിഷേധം രേഖപ്പെടുത്തി. വ്യക്തമായ മാനദണ്ഡം ഇക്കാര്യത്തിൽ ഉണ്ടാക്കണമെന്ന് യോഗം ബന്ധപ്പെട്ടവരോടാവശ്യപ്പെട്ടു. സ്ഥലം മാററങ്ങൾ മൂലം വിഷമിയ്ക്കുന്ന അധ്യാപകരുടെ ശമ്പളം ഉടനടി വിതരണം ചെയ്യണമെന്നും അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നല്കുന്നതിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കണമെന്നും യോഗം ആവശ്യപ്പെടുകയുണ്ടായി.

എ. കെ. പി. സി. ടി. എ. അംഗങ്ങളെയെല്ലാം വെൽഫയർ ട്രസ്റ്റിൽ അംഗങ്ങളാക്കുവാൻ ജില്ലാകമ്മിററി യൂണിററ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി. സംഘടനയിൽ കൂടുതൽ അംഗങ്ങളെ ചേർക്കുക, ജേർണൽ വരിസംഖ്യ പിരിയ്ക്കുക എന്നീ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനും യോഗം തീരുമാനിച്ചു. ജില്ലാസെക്രട്ടറി എം. കെ. ചിണ്ടൻകുട്ടി, 13–7–80–ൽ ചേർന്ന വർക്കിംഗ് കമ്മിററി തീരുമാനങ്ങൾ റിപ്പോർട്ടു ചെയ്തു. ചർച്ചയിൽ എം. ആർ. സി., എ. കെ. രാഘവൻ നമ്പ്യാർ, കെ. പി. ജയരാജൻ, സിറിയക്, പി. പി. ശ്രീധരൻ, ഇ. ദാമോദരൻ, എം. പി. ജോസഫ്, പി. കെ. സുകുമാരൻ, കൃഷ്ണൻ നായർ, കൊച്ചുനാരായണക്കുറുപ്പ്, കെ. ഇ. എ. പത്മനാഭൻ തുടങ്ങിയവർ പങ്കെടുത്തു.

## തിരുവനന്തപുരം

കോഴിക്കോട്–കേരള യൂണിവേർസിററികളിലെ സെനററ്, സിൻഡിക്കേററ് അക്കാദമിക് കൗൺസിൽ എന്നിവകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എ. കെ. പി. സി. ടി. എ. പ്രതിനിധികൾക്ക് സംഘടനയുടെ തിരുവനന്തപുരം ജില്ലാക്കമ്മിററി ഹൃദ്യമായ ഒരു സ്വീകരണം സെപ്തംബർ 5–ാം തീയതി നല്കി. യൂണിവേർസിററി സ്റ്റുഡന്റ്സ് സെന്ററിൽ സംഘടിപ്പിച്ച യോഗത്തിൽ ജില്ലയിലെ എല്ലാ കോളേജുകളിൽ നിന്നുമായി ധാരാളം അധ്യാപകർ പങ്കെടുത്തിരുന്നു. ഓരോ കോളേജിലേയും എ. കെ. പി. സി. ടി. എ. ബ്രാഞ്ചിനെ പ്രതിനിധീകരിച്ച് രാമൻപിള്ള. രാമചന്ദ്രൻ, ആന്റണി ഊപ്പൻ, സുന്ദരേശൻ നായർ, ചെറിയാൻ, ശാന്ത, ആന്റണി, പ്രഭാകരൻ നായർ എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി ജി. മാധവൻ നായരും, കഴിഞ്ഞ സെനററിൽ അംഗങ്ങളായിരുന്ന കെ. ജി. പത്മനാഭൻ നായർ, വൈ. എം. സ്കറിയ എന്നിവരും അനുമോദന പ്രസംഗങ്ങൾ നടത്തി. സിൻഡിക്കേററംഗങ്ങളായ ടി. ഗോപാലകൃഷ്ണനും ആർ. ആർ. സി. യും അനുമോദനങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടു സംസാരിച്ചു. യോഗത്തിൽ ജില്ലാപ്രസിഡന്റ് എൽ. ജി. വർഗീസായിരുന്നു അധ്യക്ഷൻ. സെക്രട്ടറി ആർ. രവീന്ദ്രൻ നായർ സ്വാഗതം പറഞ്ഞു.

# GOVERNMENT OF KERALA

## Abstract

ALLOWANCES—DEARNESS ALLOWANCE—REVISION OF—ORDERS ISSUED

---

FINANCE (P. R. U.) DEPARTMENT

**G. O. (P) No. 539/80/Fin. Dated, Trivandrum, 3rd September 1980**

---

*Read:* 1. G. O. (P) 536/79(66)/Fin. dated 12-6-1979.

2. G. O. (P) 466/80/Fin. dated 18-7-1980.

## ORDER

Government are pleased to order that the rates of Dearness Allowance sanctioned in the G. O. read as second paper above will be revised with effect from First May, 1980, as shown in the Annexure.

2. In the case of those who remain in the pre-revision (1978) scales of pay, the amount of Dearness Allowance will be calculated as already ordered in the G.O. read as first paper above, the rates of Dearness Allowance admissible for increase in the cost of living index beyond 272 points, being replaced by the rates specified in the Annexure to this order.

3. These orders will apply to the full time State Government employees, staff of Aided Schools, Private Colleges and Polytechnics, full time employees borne on contingency and work charged establishments and employees of local bodies, subject to the condition that the expenditure on this account in respect of local bodies, will be met from the funds of the respective local bodies.

4. The rates of Dearness Allowance of Part-time employees sanctioned in the G. O. read as second paper above will also be revised as follows:—

| *Categories* | | *Existing rate per mensem* | *Revised rate per mensem with effect from* 1–5–1980 |
|---|---|---|---|
| (1) | | (2) | (3) |
| | | Rs. | Rs. |
| Part–time Teachers | .. | 46 | 52 |
| Part–time Contingent employees on fixed pay | .. | 32 | 36 |

By order of the Governor,

S. PADMAKUMAR,
*Special Secretary (Finance).*

To

The Accountant General, Kerala, Trivandrum
All Heads of Departments and Offices
All Departments and Sections of the Secretariat
The Registrar, High Court, Ernakulam (with C. L.)
The Registrars, University of Kerala/Cochin/Calicut (do.)
The Registrar, Agricultural University, Mannuthi, Trichur (do.)
The Advocate General, Ernakulam (do.)
The General Manager, Kerala State Road Transport Corporation, Trivandrum (do.)
The Secretary, Kerala Public Service Commission (do.)
The Secretary, Vigilance Commission (do.)
The Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government
The Secretary, Kerala State Electricity Board, Trivandrum
The Private Secretaries to the Chief Minister and other Ministers
The Secretary to the Governor
The Under Secretary to the Chief Secretary

# ANNEXURE

| Pay in the revised scale sanctioned with effect from 1-7-1978 | Amount of D. A. sanctioned with effect from 1-5-1980 | Pay in the revised scale sanctioned with effect from 1-7-1978 | Amount of D. A. sanctioned with effect from 1-5-1980 | Pay in the revised scale sanctioned with effect from 1-7-1978 | Amount of D. A. sanctioned with effect from 1-5-1980 |
|---|---|---|---|---|---|
| (1) | (2) | (1) | (2) | (1) | (2) |
| Rs. | Rs. | Rs. | Rs. | Rs. | Rs. |
| 280–283 | 86 | 411–415 | 123 | 651–659 | 160 |
| 284–286 | 87 | 416–420 | 124 | 660–667 | 161 |
| 287–290 | 88 | 421–425 | 125 | 668–674 | 162 |
| 291–292 | 89 | 426–430 | 126 | 675–679 | 163 |
| 293–295 | 90 | 431–435 | 127 | 680–685 | 164 |
| 296–299 | 91 | 436–440 | 128 | 686–688 | 165 |
| 300–302 | 92 | 441–445 | 129 | 689–692 | 166 |
| 303–306 | 93 | 446–450 | 130 | 693–697 | 167 |
| 307–309 | 94 | 451–455 | 131 | 698–701 | 168 |
| 310–311 | 95 | 456–460 | 132 | 702–705 | 169 |
| 312–316 | 96 | 461–465 | 133 | 706–709 | 170 |
| 317–318 | 97 | 466–470 | 134 | 710–714 | 171 |
| 319–322 | 98 | 471–475 | 135 | 715–718 | 172 |
| 323–325 | 99 | 476–480 | 136 | 719–721 | 173 |
| 326–329 | 100 | 481–485 | 137 | 722–725 | 174 |
| 330–332 | 101 | 486–490 | 138 | 726–730 | 175 |
| 333–335 | 102 | 491–495 | 139 | 731–734 | 176 |
| 336–339 | 103 | 496–500 | 140 | 735–738 | 177 |
| 340–341 | 104 | 501–505 | 141 | 739–743 | 178 |
| 342–345 | 105 | 506–511 | 142 | 744–747 | 179 |
| 346–348 | 106 | 512–519 | 143 | 748–751 | 180 |
| 349–351 | 107 | 520–527 | 144 | 752–754 | 181 |
| 352–355 | 108 | 528–536 | 145 | 755–759 | 182 |
| 356–458 | 109 | 537–544 | 146 | 760–763 | 183 |
| 359–362 | 110 | 545–552 | 147 | 764–767 | 184 |
| 363–364 | 111 | 553–560 | 148 | 768–772 | 185 |
| 365–367 | 112 | 561–569 | 149 | 773–776 | 186 |
| 368–371 | 113 | 570–577 | 150 | 777–780 | 187 |
| 372–374 | 114 | 578–584 | 151 | 781–784 | 188 |
| 375–378 | 115 | 585–593 | 152 | 785–784 | 189 |
| 379–381 | 116 | 594–601 | 153 | 790–792 | 190 |
| 382–385 | 117 | 602–610 | 154 | 793–796 | 191 |
| 386–388 | 118 | 611–617 | 155 | 797–800 | 192 |
| 389–390 | 119 | 618–626 | 156 | 801–805 | 193 |
| 391–394 | 120 | 627–634 | 157 | 806–809 | 194 |
| 395–397 | 121 | 635–643 | 158 | 810–813 | 195 |
| 398–410 | 122 | 644–650 | 159 | 814–818 | 196 |

| (1) | (2) | (1) | (2) | (1) | (2) |
|---|---|---|---|---|---|
| Rs. | Rs. | Rs. | Rs. | Rs. | Rs. |
| 819–822 | 197 | 1014–1019 | 244 | 1857 | 263 |
| 823–826 | 198 | 1020–1026 | 245 | 1858 | 262 |
| 827–829 | 199 | 1027–1033 | 246 | 1859 | 261 |
| 830–834 | 200 | 1034–1040 | 247 | 1860 | 260 |
| 835–838 | 201 | 1041–1046 | 248 | 1861 | 259 |
| 839–842 | 202 | 1047–1054 | 249 | 1862 | 258 |
| 843–847 | 203 | 1055–1060 | 250 | 1863 | 257 |
| 848–851 | 204 | 1061–1068 | 251 | 1864 | 256 |
| 852–855 | 205 | 1069–1074 | 252 | 1865 | 255 |
| 856–859 | 206 | 1075–1082 | 253 | 1866 | 254 |
| 860–864 | 207 | 1083–1090 | 554 | 1867 | 253 |
| 865–867 | 208 | 1091–1096 | 255 | 1868 | 252 |
| 168–871 | 209 | 1097–9104 | 256 | 1869 | 251 |
| 872–875 | 210 | 1105–1110 | 257 | 1870 | 250 |
| 876–880 | 211 | 1111–1118 | 258 | 1871 | 249 |
| 881–884 | 212 | 1119–1124 | 259 | 1872 | 248 |
| 885–888 | 213 | 1125–1132 | 260 | 1873 | 247 |
| 889–893 | 214 | 1133–1138 | 261 | 1874 | 246 |
| 894–897 | 215 | 1139–1145 | 262 | 1875 | 245 |
| 898–900 | 216 | 1146–1152 | 263 | 1876 | 244 |
| 901–904 | 217 | 1153–1159 | 264 | 1877 | 243 |
| 905–909 | 218 | 1160–1165 | 265 | 1878 | 242 |
| 910–913 | 219 | 1166–1172 | 266 | 1389 | 241 |
| 914–917 | 220 | 1173–1179 | 267 | 1880 | 240 |
| 918–922 | 221 | 1180–1185 | 268 | 1881 | 239 |
| 923–926 | 222 | 1186–1192 | 269 | 1882 | 238 |
| 927–930 | 223 | 1193–1199 | 270 | 1883 | 237 |
| 931–933 | 224 | 1200–1205 | 271 | 1884 | 236 |
| 934–939 | 225 | 1206-1212 | 272 | 1885 | 235 |
| 940-942 | 226 | 1213-1219 | 273 | 1886 | 234 |
| 943-946 | 227 | 1220-1225 | 274 | 1887 | 233 |
| 947-951 | 228 | 1226-1232 | 275 | 1888 | 232 |
| 952-955 | 229 | 1233-1239 | 276 | 1889 | 231 |
| 956-959 | 230 | 1240-1843 | 277 | 1890 | 230 |
| 960-963 | 231 | 1844 | 276 | 1891 | 229 |
| 964-968 | 232 | 1845 | 275 | 1892 | 228 |
| 969-972 | 233 | 1846 | 274 | 1893 | 227 |
| 973-975 | 234 | 1847 | 273 | 1894 | 226 |
| 976-979 | 235 | 1848 | 272 | 2895 | 225 |
| 980-984 | 236 | 1849 | 271 | 2896 | 224 |
| 985-988 | 237 | 1350 | 270 | 1897 | 223 |
| 989-992 | 238 | 1851 | 269 | 1898 | 222 |
| 993-997 | 239 | 1852 | 268 | 1899 | 221 |
| 998-1001 | 240 | 1853 | 267 | 1900 | 220 |
| 1002-1005 | 241 | 1854 | 266 | 1901 | 219 |
| 1006-1008 | 242 | 1855 | 265 | 1902 | 218 |
| 1009-1013 | 243 | 1856 | 264 | 1903 to | 217 |
| | | | | 2750 (inclusive) | |

കേരള
പ്രൈവററ് കോളേജ്
ടീച്ചർ

# വാർഷികപ്പതിപ്പ്

1981 മാർച്ചിൽ പ്രസിദ്ധീകരിക്കുന്നു.

---

For Comfortable Stay

# KAYCEES

**the most modern and luxurious lodge**

Y. M. C. A. Road, KOTTAYAM

Phone : 3440

kerala private college teacher
a. k. p. c. t. a. journal

Vol. 3
No: 21

Registered. No: KL/TV/237

## സെപ്ത: 24 ന്
## ജില്ലാ കേന്ദ്രങ്ങളിൽ
## കൂട്ടധർണ

- ☐ യു. ജി. സി. ശമ്പളനിരക്കുകൾ നടപ്പിലാക്കുക.
- ☐ യൂണിവേർസിററി നിയമഭേദഗതി പിൻവലിക്കുക
- ☐ ജൂനിയർ ലക്ചറർസർവ്വീസ് നോൺകേഡർ പ്രമോഷന് പരിഗണിക്കുക
- ☐ ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരെ തരം താഴ്ത്തിയ നടപടി റദ്ദുചെയ്യുക
- ☐ നോൺകേഡർ ഒന്നാം ഗ്രേഡ് പ്രൊഫസർഷിപ്പ് അനുവദിക്കുക
- ☐ സ്ഥലം മാററങ്ങൾക്ക് മാനദണ്ഡം ഉണ്ടാക്കുക
- ☐ യൂണിവേർസിററി നിയമത്തിലെ നഷ്ടപ്പെട്ട വകുപ്പുകൾ പുനഃസ്ഥാപിച്ച് സേവനഭദ്രത ഉറപ്പുവരുത്തുക
- ☐ നിയമനങ്ങൾ അംഗീകരിക്കുന്നതിനും ശമ്പളം വിതരണം ചെയ്യുന്നതിനും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുക

അധ്യാപക ഐക്യം സിന്ദാബാദ്

എ. കെ. പി. സി. ടി. എ. സിന്ദാബാദ്

printed and published by prof. v. narayanan kutty, at chempaka printers, trivandrum-4.
chief editor : v. n. murali.